സൂറഃ-9

# അത്തൗബ

23. അല്ലയോ സത്യവിശ്വാസികളായവരേ, സ്വന്തം പിതാക്കളെയും സഹോദരന്മാരെയും പോലും നിങ്ങൾ രക്ഷാധികാരികളാക്കിക്കൂടാ; അവർ സത്യവിശ്വാസത്തെക്കാൾ സത്യനിഷേധത്തെ സ്നേഹിക്കുന്നുവെങ്കിൽ. നിങ്ങളിലാരെങ്കിലും അത്തരക്കാരെ രക്ഷാധികാരികളാക്കുന്നുവെങ്കിൽ അവർ അധർമകാരികൾ തന്നെയാകുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوٓا۟ ءَابَآءَكُمْ وَإِخْوَٰنَكُمْ أَوْلِيَآءَ إِنِ ٱسْتَحَبُّوا۟
ٱلْكُفْرَ عَلَى ٱلْإِيمَٰنِ ۚ وَمَن يَتَوَلَّهُم مِّنكُمْ فَأُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿٢٣﴾

24. പ്രവാചകൻ അവരെ ഉൽബോധിപ്പിക്കുക; സ്വന്തം പിതാക്കളും സന്തതികളും സഹോദരന്മാരും ഇണകളും മറ്റു ബന്ധുജനങ്ങളും നിങ്ങൾ സമ്പാദിച്ചുവെച്ച മുതലുകളും നഷ്ടപ്പെടുമെന്നാശങ്കിക്കുന്ന വ്യാപാരവും തൃപ്തികരമായ ഭവനങ്ങളുമൊക്കെയാണ്, അല്ലാഹുവിനെയും റസൂലിനെയും അല്ലാഹുവിന്റെ മാർഗത്തിലുള്ള സമരത്തെയും കാൾ നിങ്ങൾ സ്നേഹിക്കുന്നതെങ്കിൽ കാത്തിരുന്നുകൊള്ളുക; അല്ലാഹു അവന്റെ കൽപന നടപ്പാക്കുവോളം. ധർമധിക്കാരികളായ ജനത്തിന് അല്ലാഹു സന്മാർഗദർശനമരുളുന്നില്ല.

قُلْ إِن كَانَ ءَابَآؤُكُمْ وَأَبْنَآؤُكُمْ وَإِخْوَٰنُكُمْ وَأَزْوَٰجُكُمْ وَعَشِيرَتُكُمْ
وَأَمْوَٰلٌ ٱقْتَرَفْتُمُوهَا وَتِجَٰرَةٌ تَخْشَوْنَ كَسَادَهَا وَمَسَٰكِنُ تَرْضَوْنَهَآ
أَحَبَّ إِلَيْكُم مِّنَ ٱللَّهِ وَرَسُولِهِۦ وَجِهَادٍ فِى سَبِيلِهِۦ فَتَرَبَّصُوا۟ حَتَّىٰ يَأْتِىَ
ٱللَّهُ بِأَمْرِهِۦ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴿٢٤﴾

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ = അല്ലയോ സത്യവിശ്വാസികളായവരേ   لَا تَتَّخِذُوٓا۟ = നിങ്ങൾ സ്വീകരിച്ചു കൂടാ(ആക്കിക്കൂടാ)
ءَابَآءَكُمْ = നിങ്ങളുടെ പിതാക്കളെ   وَإِخْوَٰنَكُمْ = നിങ്ങളുടെ സഹോദരന്മാരെയും(പോലും)
أَوْلِيَآءَ = ഉള്ളുകള്ളികളറിയുന്ന ആത്മമിത്രങ്ങൾ, രക്ഷാധികാരികൾ   إِنِ ٱسْتَحَبُّوا۟ = അവർ സ്നേഹിച്ചു(ക്കുന്നു)വെങ്കിൽ
ٱلْكُفْرَ = സത്യനിഷേധത്തെ   عَلَى ٱلْإِيمَٰنِ = സത്യവിശ്വാസത്തെക്കാൾ
وَمَن يَتَوَلَّهُم = ആരെങ്കിലും അത്തരക്കാരെ രക്ഷാധികാരികളാക്കുന്നുവെങ്കിൽ   مِّنكُمْ = നിങ്ങളിൽനിന്ന്
فَأُو۟لَٰٓئِكَ هُمُ = അവർ തന്നെയാകുന്നു   ٱلظَّٰلِمُونَ = അധർമകാരികൾ
قُلْ = പറയുക(പ്രവാചകൻ അവരെ ഉൽബോധിപ്പിക്കുക)   إِن كَانَ ءَابَآؤُكُمْ = നിങ്ങളുടെ പിതാക്കൾ ആണെങ്കിൽ

وَأَبْنَآؤُكُمْ = നിങ്ങളുടെ സന്തതികളും وَإِخْوَٰنُكُمْ = നിങ്ങളുടെ സഹോദരന്മാരും

وَأَزْوَٰجُكُمْ = നിങ്ങളുടെ ഇണകളും(ഭാര്യമാരും ഭർത്താക്കളും) وَعَشِيرَتُكُمْ = നിങ്ങളുടെ ബന്ധുക്കളും وَأَمْوَٰلٌ = മുതലുകളും

ٱقْتَرَفْتُمُوهَا = (സമ്പാദിച്ചു) നിങ്ങൾ അത് സമ്പാദിച്ചിരിക്കുന്നു وَتِجَٰرَةٌ = വ്യാപാരവും تَخْشَوْنَ = നിങ്ങൾ(ആശങ്കിക്കുന്നു)ഭയപ്പെടുന്നു

كَسَادَهَا = (നഷ്ടപ്പെടുമെന്നു) അതിന്റെ മുടക്കം وَمَسَٰكِنُ = ഭവനങ്ങളും تَرْضَوْنَهَآ = (പ്പെടുന്ന) അതിനെ നിങ്ങൾ ഇഷ്ടപ്പെട്ടു

أَحَبَّ إِلَيْكُم = നിങ്ങളിലേക്ക് ഏറ്റം ഇഷ്ടപ്പെട്ടത് (ഒക്കെയാണ് നിങ്ങൾ സ്നേഹിക്കുന്നതെങ്കിൽ)

مِّنَ ٱللَّهِ وَرَسُولِهِۦ وَجِهَادٍ فِى سَبِيلِهِۦ = അല്ലാഹുവിനെയും അവന്റെ ദൂതനെയും അവന്റെ മാർഗത്തിലുള്ള സമരത്തെയും കാൾ

فَتَرَبَّصُوا۟ = എങ്കിൽ കാത്തിരുന്നുകൊള്ളുക حَتَّىٰ يَأْتِىَ ٱللَّهُ = അല്ലാഹു വരുന്നതുവരെ(നടപ്പാക്കുവോളം)

بِأَمْرِهِۦ = അവന്റെ കൽപന(യെ)യുമായി وَٱللَّهُ لَا يَهْدِى = അല്ലാഹു മാർഗദർശനമരുളുന്നില്ല

ٱلْقَوْمَ ٱلْفَٰسِقِينَ = ധർമധിക്കാരികളായ ജനത്തിന്

**23:** പതിനാറാം സൂക്തത്തിൽ, പരലോക രക്ഷ ലഭിക്കുന്ന വിശ്വാസികളുടെ അനിവാര്യ ഗുണങ്ങളിലൊന്നായി അല്ലാഹുവിനെയും അവന്റെ ദൂതനെയും വിശ്വാസികളെയും കൂടാതുള്ളവരെ തങ്ങളുടെ ഉള്ളുകള്ളികളറിയുന്ന ആത്മമിത്രങ്ങളായി സ്വീകരിക്കാതിരിക്കുക – وَلَمْ يَتَّخِذُوا۟ مِن دُونِ ٱللَّهِ وَلَا رَسُولِهِۦ وَلَا ٱلْمُؤْمِنِينَ وَلِيجَةً – എന്നു പറഞ്ഞിരുന്നുവല്ലോ, അതിന്റെ വിശദീകരണമാണിത്. أَوْلِيَآءَ എന്ന പദത്തിന്റെ അർഥം നേരത്തെ പലവട്ടം വിശദീകരിച്ചിട്ടുണ്ട്. സത്യവിശ്വാസി ആത്യന്തികമായി വിശ്വസിക്കേണ്ടതും ആശ്രയിക്കേണ്ടതും അല്ലാഹുവിനെയും റസൂലിനെയും വിശ്വാസികളെയുമാണ്. അവരോടുള്ളതിലേറെ വിശ്വാസവും സ്നേഹവും കൂറും മറ്റാരോടും ഉണ്ടായിക്കൂടാ. ഉണ്ടായാൽ ഭൗതിക ബന്ധങ്ങളോടുള്ള കൂറും ദീനിലുള്ള കൂറും ഏറ്റുമുട്ടുന്നേടത്ത് ദീനിലുള്ള കൂറ് പരാജയപ്പെടും. യഥാർഥ വിശ്വാസം ദീനിലല്ല; അവരിലാണ് എന്നത്രെ അതിനർഥം.

വിശ്വാസിയും അവിശ്വാസിയും തമ്മിൽ സ്നേഹ സൗഹാർദങ്ങളാവാം. നല്ലതും ന്യായവുമായ കാര്യങ്ങളിൽ സഹായിക്കുകയും സഹകരിക്കുകയും ചെയ്യാം. ഇടപാടുകൾ നടത്താം. പക്ഷേ, വിശ്വാസി അവിശ്വാസിയെ തന്റെ ജീവിതത്തിന്റെ വിധാതാവായി അംഗീകരിക്കാനോ സ്വന്തം ജീവിതത്തെ അയാൾക്ക് വിധേയപ്പെടുത്താനോ പാടില്ല. അല്ലാഹുവും റസൂലും വിശ്വാസികളുമല്ലാത്തവരോട് ഈ രീതിയിലുള്ള മൈത്രിയും കൂറും പുലർത്തൽ അവരെ ഔലിയാഅ് ആക്കലാണ്. അതാണ് ഖുർആൻ നിരോധിക്കുന്നത്. ഖുർആന്റെ ഭാഷയിൽ വിശ്വാസികളുടെ രക്ഷാധികാരി അല്ലാഹുവാണ്– ٱللَّهُ وَلِىُّ ٱلَّذِينَ ءَامَنُوا۟. അവനോടുള്ള കൂറും സ്നേഹവും പ്രകടമാക്കേണ്ടത് അവനെ ആരാധിച്ചു കൊണ്ടും അവന്റെ ശാസനകൾ അനുസരിച്ചുകൊണ്ടും പ്രതിസന്ധിഘട്ടങ്ങളിൽ അവനിൽ സർവതും സമർപ്പിച്ചു കൊണ്ടുമാണ്. അല്ലാഹുവിനോടുള്ള മൈത്രിയുടെ ഭാഗമാണ് റസൂലിനോടുള്ള മൈത്രിയും. അത് അല്ലാഹു അനുശാസിച്ചിട്ടുള്ളതാണ്. റസൂലിനെ മാതൃകാപുരുഷനായി അംഗീകരിക്കുകയും അദ്ദേഹത്തിന്റെ ചര്യകൾ പിന്തുടരുകയും ചെയ്യുന്നതിലൂടെയാണ് റസൂലിനോടുള്ള മൈത്രി യാഥാർഥ്യമാകുന്നത്. വിശ്വാസികളോടുള്ള മൈത്രിയും അല്ലാഹുവിനോടുള്ള മൈത്രിയുടെ ഭാഗമായി അവൻ അനുശാസിച്ചിട്ടുള്ളതാണ്. എല്ലാവരും പരസ്പരം വിശ്വസിക്കുകയും എല്ലാവരുടെയും ന്യായമായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ സഹായിച്ചും സഹകരിച്ചും പരസ്പരം രക്ഷകരും രക്ഷിക്കപ്പെടുന്നവരുമായി വർത്തിക്കുകയാണ് വിശ്വാസികളെ ഔലിയാഅ് ആക്കൽ. അല്ലാഹുവിനെ വലിയ്യ് ആയി വരിക്കൽ പൂർണമാകുന്നത്, റസൂലിനെയും വിശ്വാസികളെയും ഈ വിധം വലിയ്യുകളാക്കുമ്പോഴാണ്.

ഖുർആൻ ചില സ്ഥലങ്ങളിൽ മനുഷ്യരുടെ 'വലിയ്യ്' അല്ലാഹു മാത്രമാകുന്നു എന്നു പ്രസ്താവിച്ചിട്ടുണ്ട്. ഉദാ: أَمِ ٱتَّخَذُوا۟ مِن دُونِهِۦٓ أَوْلِيَآءَ فَٱللَّهُ هُوَ ٱلْوَلِىُّ (അവനെക്കൂടാതുള്ളവരെ അവർ വലിയ്യുകളായി വരിച്ചുവെന്നോ? എന്നാൽ അല്ലാഹു മാത്രമാകുന്നു വലിയ്യ്). നിരുപാധികമായ രക്ഷാധികാരം അല്ലാഹുവിനു മാത്രമാണ്. ആ രക്ഷാധികാരത്തിന് വിധേയമായിട്ടുള്ളതാണ് റസൂലിന്റെയും വിശ്വാസികളുടെയും രക്ഷാധികാരം. وَٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ (വിശ്വാസികളും വിശ്വാസിനികളും പരസ്പരം വലിയ്യുകളാകുന്നു) എന്ന് ഈ സൂറയുടെ 71–ാം സൂക്തത്തിൽ പറയുന്നുണ്ട്. വിശ്വാസികൾ പരസ്പരം കൂറും വിശ്വാസവും സ്നേഹവും പുലർത്തുകയും രക്ഷകരായി വർത്തിക്കുകയും ചെയ്യുന്നവരാണെന്നാണതിന്റെ താൽപര്യം. അത് അവരുടെ ഉത്തരവാദിത്വവും അവകാശവുമാണ്. പരസ്പരം രക്ഷിക്കാൻ ബാധ്യതയുള്ളവരും അനന്തരാവകാശികളാകുന്നവരുമായ ബന്ധുക്കളെയും 'വലിയ്യ്' എന്നു പറയും.

فَهَبْ لِى مِن لَّدُنكَ وَلِيًّا – (നിന്റെ പക്കൽനിന്ന് എനിക്ക് ഒരു വലിയ്യിനെ പ്രദാനം ചെയ്യേണമേ – 19:5) എന്ന് സകരിയ്യ പ്രാർഥിക്കുമ്പോൾ ഉദ്ദേശിക്കുന്നത്, തന്റെ അനന്തരാവകാശിയായി ഒരു പുത്രനെ നൽകേണമേ എന്നാണ്. ഒരാളുടെ ഏറ്റവും അടുത്ത ഔലിയാക്കൾ അയാളുടെ മാതാപിതാക്കളും മക്കളും സഹോദരന്മാരുമാണ്. വിശ്വാസികൾ അവരുടെ നിയമപരമായ വലിയ്യുകളെപ്പോലും, അവർ സത്യത്തെക്കാൾ അസത്യത്തെയും ധർമത്തെക്കാൾ അധർമത്തെയും സ്നേഹിക്കുന്നവരാണെങ്കിൽ, തങ്ങളുടെ രഹസ്യങ്ങളറിയുന്ന മനഃസാക്ഷി സൂക്ഷിപ്പുകാരായ മിത്രങ്ങളും രക്ഷകരുമായി സ്വീകരിച്ചുകൂടാ എന്നാണ് ഇവിടെ പറയുന്നത്. എന്നാൽ മാനുഷിക മര്യാദകളും കുടുംബപരമായ ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിനെ ഇതു വിലക്കുന്നില്ല. മാതാപിതാക്കളോടും മറ്റു ബന്ധുക്കളോടും നല്ലനിലയിൽ പെരുമാറണമെന്ന് ഖുർആൻ ആവർത്തിച്ചുണർത്തിയിട്ടുണ്ട്. മാതാപിതാക്കളും ബന്ധുക്കളും വിശ്വാസികളാണെങ്കിൽ എന്ന് എവിടെയും ഉപാധി നിശ്ചയിക്കുന്നില്ല. എന്നല്ല, അവിശ്വാസികളായ മാതാപിതാക്കളോടും ഭൗതിക ജീവിതത്തിൽ നല്ല നിലയിൽ സഹവർത്തിക്കണമെന്ന് പ്രത്യേകം ഉണർത്തുന്നുമുണ്ട്:

وَإِن جَٰهَدَاكَ عَلَىٰٓ أَن تُشْرِكَ بِى مَا لَيْسَ لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَا
وَصَاحِبْهُمَا فِى ٱلدُّنْيَا مَعْرُوفًا

(മാതാപിതാക്കൾ നിനക്കറിവില്ലാത്തതിനെ എന്റെ പങ്കാളികളാക്കാൻ നിന്നെ നിർബന്ധിച്ചാൽ അവർക്ക് വഴിപ്പെടരുത്; എന്നാൽ ഇഹലോകത്ത് അവരോട് നന്മയോടെ സഹവർത്തിക്കണം - *ലുഖ്മാൻ*: 15). ഈ പരിധി പാലിക്കാതെ സത്യത്തെ തള്ളിക്കളയുകയും അസത്യത്തെ സ്നേഹിക്കുകയും ചെയ്യുന്നവരെ രക്ഷാധികാരികളായി സ്വീകരിക്കുന്നവർ ആ നിഷേധികളെപ്പോലെ തന്നെ അധർമികളും അക്രമികളുമാകുന്നു.

സത്യവിശ്വാസം എന്നത് വിശ്വാസിയുടെ വ്യക്തിബന്ധങ്ങളെയും കുടുംബബന്ധങ്ങളെയുമെല്ലാം സ്വാധീനിക്കുന്ന പ്രതിഭാസമാണ്. “അല്ലാഹുവിനുവേണ്ടി സ്നേഹിക്കുകയും അല്ലാഹുവിനുവേണ്ടി വെറുക്കുകയും ചെയ്യുന്നവനാണ് വിശ്വാസത്തിന്റെ രുചിയറിഞ്ഞവൻ” എന്നൊരു നബിവചനമുണ്ട്. പ്രവാചകൻ(സ) പ്രസ്താവിച്ചതായി ആഇശ(റ)യിൽനിന്ന് ഇബ്നു ഹിബ്ബാൻ ഉദ്ധരിക്കുന്നു: “ജനം വെറുത്താലും അല്ലാഹുവിന്റെ തൃപ്തി വേണം എന്നുകരുതി പ്രവർത്തിക്കുന്നവനെ അല്ലാഹു തൃപ്തിപ്പെടുകയും ജനത്തെ അവനോട് തൃപ്തിയുള്ളവരാക്കുകയും ചെയ്യുന്നു. അല്ലാഹു വെറുത്താലും ജനത്തിന്റെ തൃപ്തിവേണം എന്നുകരുതി പ്രവർത്തിക്കുന്നവനെ അല്ലാഹു വെറുക്കുകയും ജനങ്ങളെ വെറുപ്പിക്കുകയും ചെയ്യുന്നു.”

ഇഷ്ടപ്പെടുക, സ്നേഹിക്കുക എന്ന അർഥത്തിൽ اَسْتَحَبُّوا എന്നാണ് മൂലത്തിൽ ഉപയോഗിച്ച വാക്ക്. أحبّوا എന്ന പദത്തിന്റെയും അർഥം ഇതുതന്നെയാണ്. എന്നാൽ രണ്ടിന്റെയും ധ്വനിയിൽ വ്യത്യാസമുണ്ട്. ന്യായമായി സ്നേഹിക്കേണ്ടതും സ്വാഭാവികമായി സ്നേഹിക്കുന്നതുമായ സംഗതികളോടുള്ള സ്നേഹമാണ് حب. സ്നേഹം അർഹിക്കാത്തതിനെ കൃത്രിമമായി സ്നേഹിക്കലാണ് إستحباب. മനുഷ്യർക്ക് സത്യത്തോടുണ്ടാവുക حب ആണ്. അസത്യത്തോടു ഉണ്ടാകുന്നത് إستحبابഉം. സ്നേഹം തേടുക എന്ന അർഥത്തിലും إستحباب ഉപയോഗിക്കും.

**24:** ഈ ഉൽബോധനം ഒരു അന്ത്യശാസനത്തിന്റെ സ്വഭാവത്തിലുള്ളതാണ്. അതിൽ മനുഷ്യർ സാധാരണഗതിയിൽ ഏറ്റം പ്രിയങ്കരവും വിലപ്പെട്ടതുമായി കരുതുന്ന ഓരോ കാര്യങ്ങളെയും എണ്ണിപ്പറഞ്ഞിരിക്കുന്നു. ഒരുവന്ന് അവയിൽ ഏതെങ്കിലുമൊന്നാണ് അല്ലാഹുവിനെയും അവന്റെ ദൂതനെയും അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിനെയും കാൾ വിലപ്പെട്ടതും പ്രിയങ്കരവുമായതെങ്കിൽ, അവൻ തന്റെ കാര്യത്തിലുള്ള അല്ലാഹുവിന്റെ തീരുമാനം കാത്തിരുന്നുകൊള്ളട്ടെ എന്നാണ് താക്കീത്. അല്ലാഹുവിന്റെയും റസൂലിന്റെയും ജിഹാദിന്റെയും താൽപര്യങ്ങൾ ഇപ്പറഞ്ഞ കാര്യങ്ങളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാകുമ്പോൾ അല്ലാഹുവിനെയും റസൂലിനെയും ജിഹാദിനെയും അവഗണിച്ചുകൊണ്ട് അവയുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ തയാറാവുകയാണ്, അവയെ അല്ലാഹുവിനെയും റസൂലിനെയും ജിഹാദിനെയും കാൾ സ്നേഹിക്കൽ. അല്ലാഹുവിനെയും അവന്റെ ദീനിനെയും മറ്റെല്ലാറ്റിനെക്കാളും സ്നേഹിക്കുക എന്നത് യഥാർഥ ഈമാനിന്റെ അനിവാര്യ താൽപര്യമാകുന്നു. വിശ്വാസിക്ക് തന്റെ ദൈനംദിന ജീവിതത്തിൽ സ്വന്തം വിശ്വാസത്തിന്റെ മാറ്ററിയാനുള്ള ഒരു ഉരകല്ലാണ് ഈ സൂക്തം. ഏറ്റവുമധികം സ്നേഹവും കൂറുമുള്ളത് ഇതിൽ പറഞ്ഞതു പോലുള്ള കാര്യങ്ങളോടാണെങ്കിൽ അയാളുടെ ഈമാൻ മാറ്റ് കുറഞ്ഞതോ കപടമോ ആകുന്നു.

ഇവിടെ മനുഷ്യൻ സ്നേഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നവയുടെ പട്ടിക നിരത്തിയതിൽ ദീക്ഷിച്ച മനശ്ശാസ്ത്രപരമായ ക്രമം ശ്രദ്ധേയമാണ്. പിതാവ്, മക്കൾ, സഹോദരന്മാർ, ഇണകൾ, മറ്റു കുടുംബാംഗങ്ങൾ. زوج ന്റെ ബഹുവചനമാണ് أزواج. ഇണ എന്നാണ് زوج ന്റെ ഭാഷാർഥം. ഭാര്യാഭർത്താക്കൾ പരസ്പരം ഇണകളാണ് എന്ന അടിസ്ഥാനത്തിൽ, ഭാര്യ/ഭർത്താവ് എന്ന അർഥത്തിലാണ് ഈ പദത്തിന്റെ സാധാരണ ഉപയോഗം. ഭാര്യയെ زوجة എന്നും പറയുന്നു. അതിന്റെ ബഹുവചനം زوجات. ഭർത്താവ് زوج; ബഹുവചനം أزواج. കുറെ ഇണകൾ, സംഘം എന്ന അർഥത്തിലും أزواج ഉപയോഗിക്കും. ഇവിടെ وَأَزْوَاجُكُمْ എന്നതിലെ كم എന്ന സർവനാമം പുല്ലിംഗമായതിനാൽ ഇണകൾകൊണ്ട് ഉദ്ദേശ്യം ഭാര്യമാർ മാത്രമാണ് എന്നു വരുന്നില്ല. അറബി ഭാഷയിൽ എല്ലാ നാമങ്ങളും പുല്ലിംഗമോ സ്ത്രീലിംഗമോ ആയിരിക്കും, നപുംസക നാമങ്ങളില്ല. ഒരു വർഗത്തെ അല്ലെങ്കിൽ സമുദായത്തെ മൊത്തത്തിൽ സംബോധന ചെയ്യുമ്പോൾ പുല്ലിംഗ പദമാണ് ഉപയോഗിക്കുക. أَيُّهَا الْمُؤْمِنُونَ - أَيُّهَا النَّاسُ (മനുഷ്യരേ, വിശ്വാസികളേ) എന്നൊക്കെ സംബോധന ചെയ്യുമ്പോൾ അത് സ്ത്രീകളെയും പുരുഷന്മാരെയും ഉദ്ദേശിച്ചുള്ളതാണ്. അതിനാൽ ഇവിടെ أَزْوَاجُكُمْ എന്നു പറഞ്ഞത്, നിങ്ങളിൽ പുരുഷന്മാരുടെ ഭാര്യമാരും സ്ത്രീകളുടെ ഭർത്താക്കന്മാരും എന്ന അർഥത്തിലാണ് മനസ്സിലാക്കേണ്ടത്. നിങ്ങളുടെ പിതാക്കൾ, മുതലുകൾ, വീടുകൾ എന്നൊക്കെ പറഞ്ഞത് പുരുഷന്മാരോട് മാത്രമല്ലാത്തതുപോലെ, നിങ്ങളുടെ തുണകൾ എന്നുപറഞ്ഞതും പുരുഷന്മാരോടു മാത്രമല്ല; പുരുഷന്മാരും സ്ത്രീകളും ഉൾപ്പെട്ട സമൂഹത്തോടാണ്. ഖുർആൻ ഇവിടെ പ്രതിപാദിക്കുന്ന അതേ ക്രമത്തിൽതന്നെയാണ്, ബന്ധുക്കൾ സത്യത്തിന്റെയും ധർമത്തിന്റെയും മാർഗത്തിൽ സൃഷ്ടിക്കുന്ന തടസ്സങ്ങളുടെ ശക്തിയും. തുടർന്ന് ധനം, ഇടപാടുകൾ, വീട് തുടങ്ങിയവ പരാമർശിക്കപ്പെട്ടിരിക്കുന്നു. ഇവയെല്ലാം ആദ്യം പറഞ്ഞതിന്റെ അനുബന്ധമായി വരുന്നവയാണ്. അവയിലൊക്കെ മനുഷ്യന് പ്രേമം വളർത്തുന്ന പ്രധാന ഘടകം, മറ്റു മനുഷ്യരുമായുള്ള ബന്ധങ്ങളാണ്. കുടുംബവുമായുള്ള ബന്ധമാണ് മറ്റു മനുഷ്യരുമായുള്ള ബന്ധങ്ങളിൽ പ്രധാനമായത്. വിശ്വാസി സ്വന്തം വിശ്വാസത്തെയും അതിന്റെ താൽപര്യങ്ങളെയും സംബന്ധിച്ച് ശരിക്കും ബോധവാനല്ലെങ്കിൽ ഇത്തരം ആകർഷണ വലയങ്ങളിൽപെട്ടുപോവുക എളുപ്പമാണ്. സൂറ *അത്തഗാബുൻ* 14,15 സൂക്തങ്ങളിൽ ഇക്കാര്യം വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്: إِنَّ مِنْ أَزْوَاجِكُمْ وَأَوْلَادِكُمْ عَدُوًّا لَّكُمْ فَاحْذَرُوهُمْ (നിങ്ങളുടെ ഇണകളിലും മക്കളിലും തീർച്ചയായും ചിലർ നിങ്ങളുടെ ശത്രുക്കളാകുന്നു. അവരെക്കുറിച്ചു ജാഗ്രതയുള്ളവരായിരിക്കുവിൻ). إِنَّمَا أَمْوَالُكُمْ وَأَوْلَادُكُمْ فِتْنَةٌ (നിങ്ങളുടെ സമ്പത്തും സന്താനങ്ങളും ഒരു പരീക്ഷണം തന്നെയാകുന്നു). സൂറ *അൽ അൻഫാൽ* 28-ാം സൂക്തത്തിൽ ഉണർത്തി:

وَاعْلَمُوا أَنَّمَا أَمْوَالُكُمْ وَأَوْلَادُكُمْ فِتْنَةٌ وَأَنَّ اللَّهَ عِندَهُ أَجْرٌ عَظِيمٌ ﴿٢٨﴾

(അറിഞ്ഞിരിക്കുവിൻ, നിങ്ങളുടെ സമ്പത്തും സന്താനങ്ങളും ഒരു പരീക്ഷണം തന്നെയാകുന്നു. തീർച്ചയായും അല്ലാഹുവിങ്കലാകുന്നു മഹത്തായ കർമഫലമുള്ളത്).

ദാനമായോ അനന്തരാവകാശമായോ കിട്ടിയ സമ്പത്തിനെക്കാൾ രൂഢമായിരിക്കും സ്വയം പ്രയത്നിച്ചു നേടിയ സമ്പാദ്യത്തോടുള്ള പ്രേമം. അതുകൊണ്ടാണ് ധനത്തെ اقْتَرَفْتُمُوهَا (നിങ്ങൾ സമ്പാദിച്ചു വെച്ച) എന്ന് വിശേഷിപ്പിച്ചത്. അതുപോലെ കച്ചവടത്തെ تَخْشَوْنَ كَسَادَهَا എന്നും വിശേഷിപ്പിച്ചിരിക്കുന്നു. അതിനെയാണ് ‘നഷ്ടപ്പെടുമെന്ന് ആശങ്കിക്കുന്ന’ എന്ന് തർജമ ചെയ്തിട്ടുള്ളത്. كَسَادَ ന്റെ ഭാഷാർഥം മന്ദിക്കുക, നിലച്ചുപോവുക എന്നാണ്. കച്ചവടത്തിൽ ലാഭമില്ലാതാവുകയോ മുടക്കു മുതലിൽ നഷ്ടമുണ്ടാവുകയോ മാത്രമല്ല ഈ പദപ്രയോഗം കൊണ്ടുദ്ദേശ്യം; കച്ചവടം മന്ദീഭവിക്കുന്നതും മാർക്കറ്റ്

നഷ്ടപ്പെടുന്നതും കൂടി അതിലുൾപ്പെടുന്നു. കച്ചവടം വിജയിക്കണമെങ്കിൽ കൊള്ളക്കൊടുക്കകൾ നിരന്തരം തുടർന്നുകൊണ്ടിരിക്കണം. മാർക്കറ്റിൽ മാന്ദ്യമുണ്ടാക്കുന്ന എന്തിനോടും കച്ചവടക്കാർക്ക് ഭയമാണ്. സാധാരണ കച്ചവടക്കാർ അതൊഴിവാക്കാൻ പരമാവധി ശ്രദ്ധിക്കും. ചിലപ്പോൾ സ്വന്തം വ്യാപാരം അവർക്കൊരു വിഗ്രഹമാവുകയും അവരതിന്റെ ആരാധ്യരാവുകയും ചെയ്യും. ആ പതനത്തിലെത്തിയാൽ ഹിതാഹിതങ്ങളും ധർമാധർമങ്ങളും ഒന്നും പ്രശ്നമല്ലാതാകുന്നു. ഹിജ്റ, ജിഹാദ് തുടങ്ങിയ കാര്യങ്ങളുമായി കഴിയുന്നത്ര അകന്നുനിൽക്കാൻ ഒരു മടിയുമുണ്ടാവില്ല. അല്ലാഹു അനുശാസിച്ച ധർമങ്ങൾക്ക് എതിരായി നിൽക്കുന്നതെന്തും ഒരു വിഗ്രഹമാണെന്നും ആ വിഗ്രഹത്തെ തകർത്തു മുന്നോട്ടുപോകാൻ സന്നദ്ധരാകാത്തവർക്ക് ഈമാനിന്റെ താൽപര്യങ്ങൾ സാക്ഷാത്കരിക്കാനാവില്ലെന്നുമാണ് ഇവിടെ വ്യക്തമാക്കുന്നത്.

പ്രവാചകന്റെ കാലത്ത് മുസ്‌ലിംകളുമായി സമാധാന സന്ധിയിലേർപ്പെട്ടിരുന്ന അറേബ്യൻ ഗോത്രങ്ങളുമായി മുസ്‌ലിം കച്ചവടക്കാർ ഇടപാടുകൾ നടത്തിയിരുന്നു. അത്തരം ഗോത്രങ്ങളിൽ സമാധാന സന്ധിലംഘിച്ച് ശത്രുക്കളായി മാറിയവരോട് നബി(സ) യുദ്ധത്തിനു തയാറായപ്പോൾ അവരുമായി വ്യാപാര ഇടപാടു നടത്തിയിരുന്ന മുസ്‌ലിംകൾ തങ്ങളുടെ കച്ചവടം നിലച്ചുപോകുമോ എന്നാശങ്കിക്കുക സ്വാഭാവികമായിരുന്നു. ഈ സൂക്തത്തിലെ വ്യാപാര പരാമർശം അവരെ ഉന്നം വെച്ചുകൊണ്ടുള്ളതാണെന്ന് ചില മുഫസ്സിറുകൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

فَتَرَبَّصُوا۟ حَتَّىٰ يَأْتِىَ ٱللَّهُ بِأَمْرِهِۦ (അല്ലാഹു അവന്റെ കൽപനയുമായി വരുന്നതുവരെ കാത്തിരിക്കുക) എന്ന വാക്യം ശക്തമായ ഒരു താക്കീതാണ്. പ്രവാചകനെ നിഷേധിക്കുന്നവർക്കുള്ളത് നിത്യനരകമാണെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ആ നരകം തന്നെയാണ്, ഈമാൻ വാദിക്കുകയും ഈമാനിന്റെ താൽപര്യങ്ങൾ പൂർത്തീകരിക്കാതിരിക്കുകയും ചെയ്യുന്നവരെയും കാത്തിരിക്കുന്നത് എന്നാണ് സൂചന. വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും തോണികളിൽ ഒരേസമയം സഞ്ചരിക്കാനാവില്ല. ഈ രണ്ടുതോണിയിൽ കാലിടാൻ ശ്രമിക്കുന്നവർ ഒടുവിൽ ചെന്നെത്തുക, അവിശ്വാസത്തിന്റെ തോണിയിലൂടെ നരകത്തിൽ തന്നെയായിരിക്കും. 'അല്ലാഹു അവന്റെ കൽപനയുമായി വരിക' എന്നാൽ, അല്ലാഹു അവന്റെ അന്ത്യവിധി നടപ്പിലാക്കുക എന്നാണ്. യഥാർഥ സത്യവിശ്വാസികൾക്കു സ്വർഗവും സത്യനിഷേധികൾക്കും കപടവിശ്വാസികൾക്കും നരകവുമായിരിക്കും അന്തിമമായി വിധിക്കുക.

നേരത്തെ പത്തൊമ്പതാം സൂക്തത്തിൽ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ എന്നു പ്രസ്താവിച്ച അതേ ആശയത്തിലാണ് ഇവിടെ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ എന്നു പ്രസ്താവിച്ചിരിക്കുന്നത്. സത്യത്തെ നിഷേധിക്കുന്ന ബഹുദൈവവാദികൾ ലക്ഷ്യത്തിലെത്തുകയില്ല എന്നാണ് അവിടെ പറഞ്ഞത്. അതുപോലെ, ഈമാനിനും കുഫ്റിനുമിടയിൽ ആടിക്കളിക്കുന്നവരും ലക്ഷ്യത്തിലെത്താൻ പോകുന്നില്ല എന്നാണ് ഇവിടെ വ്യക്തമാക്കുന്നത്. فسق (ധർമപാതയിൽനിന്ന് തെറിച്ചു പോവുക) ൽനിന്നുള്ള കർതൃപദമാണ് فَٰسِقِينَ. പാപികൾ, തെമ്മാടികൾ, അധർമികൾ, അക്രമികൾ തുടങ്ങിയ അർഥങ്ങളിലെല്ലാം ഇതുപയോഗിക്കുന്നു. സത്യവിശ്വാസം കൈക്കൊണ്ടശേഷം അതിന്റെ താൽപര്യങ്ങൾ മാനിക്കാതിരിക്കുന്നത്, വിശ്വാസത്തിന്റെ പാതയിൽ നിന്നുള്ള വ്യതിചലനമാകുന്നു എന്ന അടിസ്ഥാനത്തിലാണ് ദീനിന്റെ താൽപര്യങ്ങളെക്കാൾ ഭൗതിക താൽപര്യങ്ങളെ സ്നേഹിക്കുന്നവരെ فَٰسِقُونَ എന്നു വ്യവഹരിക്കുന്നത്. ■